# പോലീസ് വകുപ്പ്

കേരളം

**No. E1-1578/2018/WPB**

കേരള സായുധ വനിത പോലീസ് ബറ്റാലിയൻ,

തിരുവനന്തപുരം

cmdtwpbn.pol@kerala.gov.in

0471-2704200


തീയതി. 24-12-2019

**ലേല പരസ്യം**

തിരുവനന്തപുരം മേനംകുളത്തുള്ള വനിതാ പോലീസ് ബററാലിയൻ ഓഫീസിനു മുമ്പിൽ മുറിച്ചു സൂക്ഷിച്ചിരിക്കുന്ന 2 കാറ്റാടി മരങ്ങൾ ബന്ധപ്പെട്ട അധികാരികൾ അനുവാദം നൽകിയതിന്റെ അടിസ്ഥാനത്തിൽ 21/01/2020 തീയതി പകൽ 11.00 മണിക്ക് വനിതാ പോലീസ് ബററാലിയൻ ഓഫിസ് പരിസരത്ത് വെച്ച് പരസ്യമായി ലേലം ചെയ്ത് കൊടുക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യപ്പെടുന്നവർ 20/- രൂപ നിരതദ്രവ്യം കെട്ടിവെക്കേണ്ടതും കൃത്യസമയത്ത് ഹാജരാകേണ്ടതുമാണ്.

ലേലത്തിൽ പരാജയപ്പെടുന്നവർക്ക് ലേലം കഴിഞ്ഞ ഉടൻ തന്നെ അവർ അടച്ച നിരതദ്രവ്യം തിരിച്ചുനൽകുന്നതായിരിക്കും. ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തിയ വ്യക്തി ലേലത്തുക മുഴുവനായും ( നിരതദ്രവ്യം കഴിച്ച് ബാക്കി തുക) സർക്കാർ നിശ്ചയിച്ചിട്ടുള്ള ലേലത്തുകയുടെ 5% വനവികസനനികുതിയും, വനവികസന നികുതിയുടെയും വിൽപ്പനവിലയുടെയും 18% GSTയും മറ്റ് നിയമാനുസൃത നികുതികളും കൂടി അടക്കേണ്ടതാണ്. വനവികസന നികുതിയായി ഈടാക്കുന്ന തുക 0406-01-101-96-00-FDTഎന്ന ശീർഷകത്തിൽ ഡിവിഷൻ കോഡ് 0101-250-020 ആയി ചെലാൻ മുഖാന്തിരം സർക്കാർ ഖജനാവിൽ ഒടുക്കി ഒറിജിനൽ ചെലാൻ രസീത് ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

കേരള വനനിയമം 1961 75A പ്രകാരം തടി, വിറക്, എന്നിവയുടെ ആകെ ലേലത്തുകയുടെ 5% വനവികസന നികുതിയായി അടക്കുവാൻ നിയമാനുസൃതമായ ബാധ്യത ലേലം നടത്തുന്ന ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണെന്ന വിവരം അറിയിക്കുന്നു. ലേലം സ്ഥിരപ്പെടുത്തിയതായുള്ള അറിയിപ്പ് ഈ ഓഫീസിൽ നിന്നും ലഭിച്ചു കഴിഞ്ഞാൽ എത്രയുംപെട്ടെന്ന് ലേലം കൈകൊണ്ടയാൾ സ്ഥലത്തുനിന്നും സ്വന്തം ചെലവിൽ മരങ്ങൾ നീക്കംചെയ്യേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ ലേലം സ്ഥിരപ്പെടുത്തി കിട്ടുന്ന ആൾ ലേലനിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച സംഖ്യ സർക്കാരിലേക്ക് മുതൽകൂട്ടുന്നതും ടി മരങ്ങൾ പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം മുൻലേലക്കാരനിൽ നിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലഭിക്കുന്ന തുകക്ക് മുൻ ലേലക്കാരന് യാതൊരുവിധ അവകാശമോ അർഹതയോ ഉണ്ടായിരിക്കുന്നതല്ല.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ വൈകീട്ട് 4 മണി വരെയുള്ള സമയങ്ങളിൽ മേൽപ്പറഞ്ഞ മരങ്ങൾ വനിതാ പോലീസ് ബററാലിയൻ ഡ്യൂട്ടി ഓഫീസറിന്റെ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്. പരിശോധനക്ക് വരുന്നവരും ലേലത്തിൽ പങ്കെടുക്കുന്നവരും സ്വന്തം തിരിച്ചറിയൽ രേഖ കൈവശം വെക്കേണ്ടതും ആവശ്യപ്പെടുന്ന പക്ഷം ഹാജരാക്കേണ്ടതുമാണ്.

യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം മാറ്റിവെക്കുന്നതിനും സ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം വനിതാ പോലീസ് ബററാലിയൻ കമാണ്ടന്റിൽ നിക്ഷിപ്തമാണ്. ലേലം സംബന്ധിച്ചുള്ള എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിൽ ബാധകമായിരിക്കും.

ദിവ്യ വി ഗോപിനാഥ് ഐ പി എസ്

കമാണ്ടൻറ്

E1-1578/2018/WPB

d270c0

| | | |
|---|---|---|
| സ്വീകർത്താവ് | : | സംസ്ഥാന പോലീസ് മേധാവി, കേരളം. എ ഡി ജി പി, എ പി ബറ്റാലിയൻ, സംസ്ഥാനത്തെ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും ബറ്റാലിയൻ കമാണ്ടൻറുമാർക്കും അറിവിലേക്കും വേണ്ടത്ര പ്രചാരണം നൽകുന്നതിനായി. ലേല ബോർഡ് അംഗങ്ങൾക്ക് അനന്തര നടപടികൾക്കായി. നോട്ടീസ് ബോർഡ്, കെ എ ഡബ്ല്യ പി. സ്റ്റോക്ക് ഫയൽ. |
| പകർപ്പ് | : | ഡ്യൂട്ടി ഓഫീസർ, കെ എ ഡബ്ല്യ പി, എസ് ഐ(ക്യൂ എം) അനന്തരനടപടികൾക്കും വേണ്ടത്ര പ്രചാരണം നൽകുന്നതിനുമായി. |